## പ്രസിദ്ധീകരണത്തിന്

2015-ൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായതിനെ തുടർന്ന് 2016-ൽ നിലവിൽവന്ന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നത് 68 ശതമാനം ജനറൽ ക്വോട്ടായും 32 ശതമാനം സംവരണ ക്വോട്ടായും ആയിരുന്നു. 2017 നവംബർ 15-ലെ മന്ത്രിസഭായോഗത്തിൽ, 10 ശതമാനം സാമ്പത്തിക സംവരണം നല്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും 2019 നവംബർ 19-ന് ആണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സംവരണം നടപ്പാക്കുവാനുള്ള പുതിയ വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങളിലെ റൂൾ 2(എ)-ൽ സംവരണം ലഭിക്കാത്ത ഹിന്ദുമതത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നല്കിയിട്ടുണ്ട് -

(1) സംസ്ഥാനസർക്കാരിലോ കേന്ദ്രസർക്കാരിലോ പൊതുമേഖലാസ്ഥാപനങ്ങളിലോ സഹകരണമേഖലയിലോ ഗവണ്മെന്റ് എയിഡ് വാങ്ങുന്ന ഓട്ടോണമസ് സ്ഥാപനങ്ങളിലോ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഗ്രാന്റ് വാങ്ങുന്ന സ്ഥാപനങ്ങളിലോ ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് സ്ഥിരജോലി ഉണ്ടെങ്കിൽ ടി കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

ഈ വ്യവസ്ഥ പാർട്ട്-ടൈം ജോലി ഉള്ളവർക്കും സ്ഥിരജോലി ഇല്ലാത്തവർക്കും ബാധമകല്ല.

(2) ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തി ഇൻകം ടാക്സ് അടയ്ക്കാനുണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

(3) ഒരു കുടുംബത്തിന് ഒരു ഏക്കറിന് മുകളിൽ വസ്തു ഉണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

(4) ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് എല്ലാ ഉറവിടങ്ങളിൽനിന്നും 25,000/- രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

40 ശതമാനം സംവരണം നിലവിൽ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഈ വ്യവസ്ഥകളൊന്നും ബാധകമല്ല. അവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ക്രീമിലെയർ വരുമാനപരിധി മാത്രമേ ബാധകമായിട്ടുള്ളു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സംവരണേതരഹൈന്ദവവിഭാഗങ്ങളിൽപെട്ട 150-ഓളം വരുന്ന സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള 10 ശതമാനത്തിനാണ് മുകളിൽ പറഞ്ഞിട്ടുള്ള വിചിത്രമായ നിബന്ധനകൾ പാലിക്കണമെന്ന് സർക്കാർ പറയുന്നത്. സർക്കാരിന്റെ ഈ നടപടി തികച്ചും അധാർമ്മികവും വിവേചനാപരവും ആണ്.

ഒരു കുടുംബത്തിൽ ആർക്കെങ്കിലും നിബന്ധന 1-ൽ പറയുംപ്രകാരം ജോലിയുണ്ടെങ്കിൽ ആ കുടുംബത്തിന് അർഹത നിഷേധിക്കുക എന്നുള്ളത് ക്രൂരമാണ്. നിബന്ധന 3 പ്രകാരം, ഒരു കുടുംബത്തിന് ഒരു ഏക്കറിന് മുകളിൽ വസ്തു ഉണ്ടെങ്കിൽ അവർക്കും സംവരണത്തിന് അർഹതയില്ല. നിബന്ധന 4-ൽ പറയുന്നത് ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് എല്ലാ ഉറവിടങ്ങളിൽനിന്നും 25,000/- രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ടെങ്കിൽ അവർക്കും അർഹതയില്ല എന്നാണ്. നിബന്ധന 1 പ്രകാരം, ജോലിയുള്ള ഒരു വിഭാഗത്തെ ഒഴിവാക്കുന്നതോടൊപ്പം, സ്വകാര്യമേഖലയിൽ എന്തെങ്കിലും ജോലിയുള്ളവരെയും തന്ത്രപരമായി ഒഴിവാക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത് എന്നു കാണാം.

ന്യായമായി അർഹതയുള്ളവർക്കുപോലും നീതി ലഭിക്കരുത് എന്ന ബോധപൂർവമായ ലക്ഷ്യത്തോടെയാണ് ഈ നിബന്ധനകൾ നിർമ്മിച്ചിരിക്കുന്നതെന്ന് ഇതിൽനിന്നും കാണാവുന്നതാണ്. കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം നടപ്പാക്കുന്ന 10 ശതമാനം സംവരണത്തിന് ഈ നിബന്ധനകളൊന്നും ബാധകമല്ല. അവിടെ 4 ലക്ഷം രൂപയാണ് വരുമാനപരിധിയായി നിശ്ചയിച്ചിരിക്കുന്നത്. ഈ സ്ഥാനത്താണ് ഇതേ സർക്കാർതന്നെ ഹൈന്ദവരിലെ സംവരണേതരവിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ 10 ശതമാനം സംവരണം നല്കുന്നതിന് ഇത്തരം നിബന്ധനകൾ കൊണ്ടുവന്നിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരമായ ഇടപെടലും തിരുത്തലുകളും ആവശ്യമാണ്.

പെരുന്ന
11.1.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി